


# പ്രായോഗികമാക്കിയാൽ വിപ്ലവം സുനിശ്ചിതം

**'ഉള്ളവന്റെ** സമ്പത്തിൽ നിശ്ചിത വിഹിതം ഇല്ലാത്തവന്റെ അവകാശമാണ്. അത് ഒരിക്കലും സമ്പന്നന്റെ ഔദാര്യമല്ല'– ലോകം കേട്ടതിൽ വെച്ചേറ്റവും വിപ്ലവകരമായ ഒരാശയമാണിത്. ദാരിദ്ര്യം എന്ന മഹാ വിപത്ത് തുടച്ചുനീക്കാൻ ഇത്ര വിജയപ്രദവും പ്രായോഗികവുമായ ഒരു പദ്ധതി മറ്റൊന്നില്ല. സകാത്ത് വാങ്ങാൻ ആളില്ലാത്ത വിധം സമൂഹത്തിന് സാമ്പത്തിക ഭദ്രത നൽകാൻ ഇസ്‌ലാമിലെ ധനവിതരണ വ്യവസ്ഥക്ക് സാധിച്ചുവെന്നത് ചരിത്ര സത്യമാണ്.

എന്നാൽ നിലവിലുള്ള അവസ്ഥയെന്താണ്? ഇസ്‌ലാം കർശനമായി നിഷിദ്ധമാക്കിയ യാചനയെ 'ശക്തിയുക്തം' പ്രോത്സാഹിപ്പിക്കുംവിധം, സമൂഹത്തിൽ എരപ്പാളികളെ സൃഷ്ടിക്കുന്ന രീതിയിലാണ്, ഉള്ളവൻ തന്റെ സകാത്തിന്റെ വളരെ ചെറിയൊരു വിഹിതം, തന്റെ ഔദാര്യമെന്ന നിലയിൽ തനിക്ക് മുമ്പിൽ കൈനീട്ടി നിൽക്കുന്ന പാവങ്ങൾക്ക് വലിച്ചെറിഞ്ഞു കൊടുക്കുന്നത്. റമദാനിലെ അതിശ്രേഷ്ഠ രാവിന്റെ മുന്നിൽ വരുന്ന പകൽ വേളയിൽ പോലും ഉള്ളവന്റെ അരമന മുറ്റത്തും ഷോപ്പുകളുടെ തിണ്ണകളിലും മുസ്‌ലിം സ്ത്രീ പുരുഷന്മാർ ക്യൂ നിൽക്കുന്ന ദയനീയ ദൃശ്യം ആർക്കാണ് അഭിമാനകരമായിട്ടുള്ളത്!

ദാരിദ്ര്യവും അവശതയും അനുഭവിക്കുന്ന മനുഷ്യരെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകത്തക്കവിധം, ഓരോ പ്രദേശത്തെയും സകാത്ത് നൽകാൻ ബാധ്യസ്ഥരായ വ്യക്തികളിൽനിന്ന് അത് ശേഖരിച്ച് കൈകാര്യം ചെയ്യുകയാണെങ്കിൽ അതെന്തു മാത്രം ഗുണകരമാവുമെന്നറിയാത്ത ആരെങ്കിലുമുണ്ടോ നമ്മുടെ സമൂഹത്തിൽ! 'സകാത്ത്: മഹല്ല് നേതൃത്വം നൽകണം' എന്ന ശീർഷകത്തിൽ എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറി അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ് *ചന്ദ്രിക* ദിനപത്ര(23.9.'07)ത്തിലെഴുതിയ ശ്രദ്ധേയമായ ലേഖനമാണ് ഇപ്പോൾ ഈ വിഷയകമായി പ്രതികരിക്കാൻ പ്രചോദനമായത്. 'ഇസ്‌ലാം നിശ്ചയിച്ച സകാത്ത് കുറ്റമറ്റ നിലയിൽ നിർവഹിക്കുകയാണെങ്കിൽ മുസ്‌ലിം മഹല്ലുകളിലെ ദാരിദ്ര്യം ക്രമാനുഗതമായി ഏതാനും വർഷങ്ങൾകൊണ്ട് നിർമാർജനം ചെയ്യാൻ കഴിഞ്ഞേക്കും' എന്ന അദ്ദേഹത്തിന്റെ അഭിപ്രായം പൂർണമായി ശരിയാണ്. നാട്ടിന്റെ നാനാഭാഗത്തും സകാത്ത് കമ്മിറ്റികൾ വഴി ഇപ്പോൾ നിർവഹിച്ചുവരുന്ന സകാത്തിന്റെ സാമൂഹിക വിതരണം, ഭാഗികമാണെങ്കിലും സമൂഹത്തിന് ഏറെ ഗുണകരമായി മാറുന്നുണ്ട്. കമ്മിറ്റികൾ വഴി സകാത്ത് കൈകാര്യം ചെയ്യുന്നത് അഭികാമ്യമല്ലെന്ന് അഭിപ്രായമുള്ളവർക്ക്, വകീലിനെ ആശ്രയിക്കാവുന്നതേയുള്ളൂ. 'ഒരു വകീലിനെ സകാത്ത് അർഹർക്ക് നൽകാൻ ഏൽപിക്കുന്നത് കർമശാസ്ത്രം അംഗീകരിക്കുന്നു. ഈ നിയമമനുസരിച്ച് മഹല്ല് ഖാസിയോ അനുയോജ്യനായ മറ്റൊരു വ്യക്തിയോ വകീലായി നിശ്ചയിക്കപ്പെടുകയും മഹല്ലിലെ അർഹരെ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നവിധം തന്റെ കൈയിൽ ഏൽപിക്കപ്പെട്ട സകാത്ത് വിതരണം നടത്തുകയും ചെയ്യാവുന്നതാണ്' എന്ന ഫൈസിയുടെ നിർദേശം അംഗീകരിക്കപ്പെടുകയും പ്രായോഗികമാകുകയും ചെയ്യുകയാണെങ്കിൽ കേരളത്തിലെ മഹല്ലുകളിൽ വലിയ മാറ്റം അത് സൃഷ്ടിക്കുകതന്നെ ചെയ്യും. വകീലാണോ കമ്മിറ്റിയാണോ എന്നതല്ല വിഷയത്തിന്റെ മർമം. അർഹരായവർക്കിടയിൽ കാര്യക്ഷമമാംവിധം ധനവിതരണം നടക്കാൻ സംവിധാനമുണ്ടാവുകയെന്നതാണ് പ്രധാനം. എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറി മുന്നോട്ടുവെച്ച ഈ നിർദേശം പള്ളി മിമ്പറുകളിലും ഇസ്‌ലാം പഠന ക്ലാസ്സുകളിലും മുസ്‌ലിം സമ്മേളനവേദികളിലും സജീവ ചർച്ചക്ക് വിധേയമാക്കപ്പെടണം. സമൂഹത്തിലെ മത പണ്ഡിതന്മാരുടെ സജീവ പിന്തുണയും ശക്തമായ പ്രേരണയും ഈ വിഷയത്തിലുണ്ടാവണം. ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളിലെ മുഖ്യ ചർച്ചാ വിഷയങ്ങളിലൊന്നായി ഇത് ഉയർത്തിക്കൊണ്ടുവരണം.

**റഹ്മാൻ മധുരക്കുഴി**

*(ചന്ദ്രിക ലേഖനത്തിന്റെ പൂർണ രൂപം 35-ാം പേജിൽ)*

# വായനക്കാരന് മനസ്സിലാകാത്ത ഭാഷ

***പ്രബോധനം*** മുഴുവൻ വായിക്കുന്ന എനിക്ക് പത്രാധിപരോട് ഈർഷ്യയും അമർഷവും തോന്നുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. ടി. മുഹമ്മദ് വേളം 'പുനഃസംഘടിപ്പിക്കപ്പെടേണ്ട കുടുംബം' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനം (ലക്കം 18) പലതവണ വായിക്കാൻ ശ്രമിച്ചു. മനസ്സിലാവാത്ത ഭാഷയും വാചകഘടനയും കാരണം ആദ്യത്തെ പാരഗ്രാഫിൽതന്നെ വായന നിർത്തി. ഉദാഹരണം: 'രാവും പകലും തന്നെ വിഭിന്ന നേരങ്ങളിൽ അനുഭവിക്കാൻ മാത്രം ദൂരം പോന്ന ലോകത്തെ, ദൈവദാനത്താൽ മനുഷ്യബുദ്ധി സാധ്യമാക്കുന്ന ഉപകരണങ്ങളിലൂടെ മാത്രമേ ഒന്നായി, ഒരേകകമായി അനുഭവിക്കാനാവൂ'.

ശരാശരി വായനക്കാർക്ക് മനസ്സിലാകുന്ന ഭാഷയിലും ശൈലിയിലുമാണ് ലേഖനമെന്ന് ഉറപ്പു വരുത്തേണ്ടത് പത്രാധിപധർമത്തിൽ പെട്ടതല്ലേ? ലേഖകനു തന്നെ വ്യക്തമായി ധാരണയില്ലാത്ത കാര്യത്തെ പറ്റി എഴുതാൻ ശ്രമിച്ചതാണോ ഈ രീതിയിൽ വാചകഘടന ക്ലിഷ്ടമാകാൻ കാരണം?

**അബ്ദുർറസ്സാഖ്**
**ജിദ്ദ, കെ.എസ്.എ**

# അവലംബ പട്ടിക ചേർക്കണമായിരുന്നു

**'ഇസ്‌ലാമിലെ** നീതിന്യായം' എന്ന എന്റെ ലേഖനം (ലക്കം 17) പൂർണമായി സ്വതന്ത്രമല്ല. ഏതാനും സ്രോതസ്സുകളെ അവലംബിച്ച് തയാറാക്കിയതാണ്. ഖുർആൻ, സ്വഹീഹുൽ ബുഖാരി, *ഇസ്‌ലാമിലെ സാമൂഹിക നീതി* (സയ്യിദ് ഖുത്വ്ബ്), *കുറ്റവും ശിക്ഷയും* (മുഹമ്മദ് ഖുത്വ്ബ്), *ഫാറൂഖ് ഉമർ* (ശൈഖ് മുഹമ്മദ് കാരകുന്ന്), *പ്രബോധനം* ശരീഅത്ത് പതിപ്പ് (രണ്ടെണ്ണം) എന്നിവയാണ് അവലംബങ്ങൾ. അവലംബ പട്ടിക ലേഖനത്തോടൊപ്പം ഞാൻ ചേർത്തിരുന്നു. പരാമൃഷ്ട സ്രോതസ്സുകളിൽനിന്ന് നോട്ടുകൾ തയാറാക്കി ലേഖനം രൂപപ്പെടുത്തിയപ്പോൾ വാക്കുകളും വാക്യങ്ങളും ആശയങ്ങളും 'ചോർത്ത'പ്പെട്ടിട്ടുണ്ട്. അവലംബലേഖനങ്ങളിലെയും കൃതികളിലെയും പരാമർശങ്ങൾ അപ്പടി തന്നെ എന്റെ ലേഖനത്തിൽ വന്നിട്ടുണ്ട്. അത് മറച്ചുവെക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല. അവലംബ പട്ടിക ചേർത്തിരുന്നെങ്കിൽ തെറ്റുധാരണ തീരുമായിരുന്നു.

**ഖാലിദ് മൂസാ നദ്‌വി**

# 'തഖ്‌വ' അടിസ്ഥാനമല്ല, അനിവാര്യഫലം

**'തഖ്‌വ:** നോമ്പിന്റെ ലക്ഷ്യമോ ഫലമോ?' എന്ന അബ്ദുന്നാഫിഅ് വളാഞ്ചേരിയുടെ കത്ത് (6.10.07) പ്രസക്തമായി.

എല്ലാ അനുഷ്ഠാനകർമങ്ങളുടെയും മൗലികലക്ഷ്യം മനുഷ്യനെ അല്ലാഹുവിങ്കലേക്ക് എത്തിക്കലാണ്. മറ്റുള്ളവയൊക്കെ അതിന്റെ സദ്ഫലങ്ങളാണ്. അഥവാ സദ്ഫലങ്ങളില്ലെങ്കിൽ മൗലികലക്ഷ്യത്തിൽ പാളിച്ച പറ്റിയതായി വിലയിരുത്താം. അപ്പോഴും പക്ഷേ ഫലത്തെ ലക്ഷ്യമായി കാണാവതല്ല. ഗുരുതരമായ ഈ വീഴ്ചയെ പറ്റി നവോത്ഥാന നായകൻ സയ്യിദ് മൗദൂദി തന്റെ വിഖ്യാതമായ 'മസ്ജിദുൽ ഹറാം പ്രഭാഷണ'ത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട് (*ഹറമിന്റെ സന്ദേശം*, ഐ.പി.എച്ച്). കർമങ്ങളുടെ 'അടിസ്ഥാന ലക്ഷ്യ'വും 'പാർശ്വഫലങ്ങളും' എന്നിങ്ങനെയാണ് മൗദൂദി സാഹിബ് അവയെ വിളിക്കുന്നത്.

കുറച്ച് മുമ്പ് *പ്രബോധന*ത്തിൽ തഖ്‌വയെപറ്റി വന്ന ഒരു ലേഖനത്തിൽ ഇബാദത്തിന്റെ അടിസ്ഥാനലക്ഷ്യം തഖ്‌വയാണെന്ന് ഒരു പണ്ഡിതൻ എഴുതിയതായി ഓർക്കുന്നു. *അൽബഖറ* 21-ാം സൂക്തമാണ് അദ്ദേഹം അതിനു തെളിവായി ഉദ്ധരിച്ചത്. എന്നാൽ 'ലാഅല്ല'യെ യഥാവിധി വ്യാഖ്യാനിക്കുമ്പോൾ ആ വീക്ഷണം പാളിച്ചയായി ബോധ്യപ്പെടുന്നു. മാത്രമല്ല, മനുഷ്യരെയും ജിന്നുകളെയും സൃഷ്ടിച്ചതിന്റെ മൗലിക ലക്ഷ്യമായി അല്ലാഹു പറഞ്ഞത് 'അവന് ഇബാദത്ത് ചെയ്യാൻ വേണ്ടി മാത്രം' എന്നാണല്ലോ. അപ്പോൾ ഇബാദത്താണ് അടിസ്ഥാന ലക്ഷ്യമെന്നും തഖ്‌വ അതിന്റെ അനിവാര്യഫലമാണെന്നും വരുന്നു.

കാലഘട്ടത്തിന്റെ മുൻഗണനാക്രമം മാറുമ്പോഴും ഇസ്‌ലാമിന്റെ ഇത്തരം മൗലിക വീക്ഷണങ്ങൾക്ക് കോട്ടം തട്ടാതിരിക്കാൻ വിശ്വാസികൾ, വിശിഷ്യാ പണ്ഡിതർ ഏറെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

**ഹസനുൽ ബന്നാ**
**കുഞ്ഞിമംഗലം, കണ്ണൂർ**